
ദളം



# GHSS

# NEERVARAM

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

PRESENTS




–

# ആമുഖം

സാങ്കേതികരംഗത്ത് ഒട്ടനവധി പുരോഗതി നേടിയ ഇക്കാലത്ത് വിദ്യാർത്ഥികൾ-ക്കിടയിലുള്ള ഐ·റ്റി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയാറാക്കിയ ഡിജിറ്റൽ മാഗസീൻ· "ദളം" ആണിത്· സാങ്കേതിക വിദ്യകളുടെ ശരിയായ ഉപയോഗത്തിലൂടെ ഇത്തരത്തിലുള്ള ഒരു മാഗസീൻ തയാറാക്കാൻ ഞങ്ങൾ വിദ്യാർത്ഥികൾക്ക് കഴിഞ്ഞു·ഞങ്ങളുടെ ഈ പ്രവർത്തനം വരും കൂട്ടായ്മയിലെ അംഗങ്ങൾക്ക് മാതൃകയാവും എന്ന് കരുതുന്നു·എല്ലാവരും കൗതുകത്തോടെ നോക്കിയിരിക്കുന്ന ഇത്തരത്തിലുള്ള "ഇ" മാഗസീൻ തയാറാക്കാൻ ഞങ്ങളെ സഹായിച്ച എല്ലാ അധ്യാപകർക്കും നന്ദിപറയുന്നു·സ്കൂളിലെ എല്ലാ വിദ്യാർത്ഥി-കളുടെയും തന്നെ  രചനകൾ ഇതിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്·മാഗസീന്റെ ഉള്ളറകളിലേക്ക് കടക്കാം···


# ആശംസ:

നീർവാരം ഗവ· ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ അഭിമുഖ്യത്തിൽ കുട്ടികൾ തയ്യാറാക്കിയ "ദളം" ഡിജിറ്റൽ മാഗസിൻ കുട്ടികളുടെ സർഗ്ഗപ്രതിഭയുടെയും ആധുനിക സാങ്കേതിക വിദ്യയുടെയും മികവാർന്ന പ്രതീകമാണ്· ഇനിയും ഇനിയും ഉയരങ്ങളിലേക്ക് എത്തുവാനും നല്ല സർഗ്ഗ പ്രവർത്തനങ്ങൾ ഈ ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ ലോകത്തിന് കാഴ്ചവയ്ക്കുവാൻ നമ്മുടെ കുട്ടികൾക്ക് ആവട്ടെ· എല്ലാവിധ ഭാവുകങ്ങളും ആശംസകളും നേരുന്നു·

സ്നേഹത്തോടെ

സെമന്ത ടീച്ചർ

# ആശംസ



"ചെറിയ തുടക്കങ്ങളാണ് മഹത്തരങ്ങളായ
പ്രയത്ന സാഫല്യത്തിലേക്ക് നമ്മെ നയിക്കുക.
ഫലസിദ്ധിയെക്കുറിച്ച് കൂടുതൽ ചിന്തിക്കാതെ
പരിശ്രമം തുടർന്ന് കൊണ്ടേയിരിക്കുക
വിജയം സുനിശ്ചിതം"....

'ഭദ്രം' ഡിജിറ്റൽ മാഗസിന്
എല്ലാവിധ ആശംസകളും നേരുന്നു....

Principal
School Code -12041
Govt. H.S.S. Neervaram
Wayanad. Pin-670721

# ആശംസ

ലിറ്റിൽ കൈറ്റ്സ് നീർവാരം യൂണിറ്റിന്റെ ഭാഗമായി തയ്യാറാക്കുന്ന "ദള"ത്തിന്

അധ്യാപക പ്രതിനിധി എന്ന നിലയിൽ ഒരായിരം ആശംസകൾ... ഈ 'ദളം'


ഇതൾ വിടർത്തുമ്പോൾ കുരുന്നു ഹൃദയങ്ങളിലെ സർഗ്ഗവാസനയും ഇതൾ വിരിയുന്നു.

അവ ദളങ്ങൾക്കിടയിൽ ഒതുങ്ങാതെ അനന്തവിഹായസ്സിലേക്ക് ചിറകുവിടർത്തട്ടെ

എന്ന പ്രാർത്ഥനയോടെ........

അധ്യാപകർ

ജി.എച്ച്.എസ്.എസ്.നീർവാരം


"By education, I mean
an all-round drawing
of the best in child
and man in body,
mind and spirit."
— Mahatma Gandhi
indiatoday in
EDUCATION

## താളുകൾ മറിയുമ്പോൾ....


| നമ്പർ | സൃഷ്ടികൾ | വിഭാഗം | പേജ്നമ്പർ |
|---|---|---|---|
| 1 | മറക്കാനാവാത്ത ബാല്യം | കവിത | 10 |
| 2 | ഗ്രാമത്തിന്റെ നേർക്കാഴ്ച | ചിത്രം | 11 |
| 3 | രണ്ടാമൂഴം | കഥ | 12 |
| 4 | മാറുന്ന കാലാവസ്ഥയും ആധുനിക മനുഷ്യനും | ഉപന്യാസം | 14 |
| 5 | നീറുന്ന ഓർമ്മയിലൂടെ | കഥ | 17 |
| 6 | വഞ്ചി | ചിത്രം | 20 |
| 7 | ബാല്യം | കവിത | 21 |
| 8 | ഇനി എന്തായിത്തീരും? | ഉപന്യാസം | 22 |
| 9 | ഒരിക്കലും മടങ്ങിവരാത്ത അനിയനുവേണ്ടി | കഥ | 27 |
| 10 | My Friends | poem | 29 |
| 11 | വറുതിക്കൊരറുതി | കവിത | 30 |
| 12 | കണ്ണീരിന്റെ വേർപാട് | കഥ | 32 |
| 13 | അവസ്ഥ | കാർട്ടൂൺ | 33 |
| 14 | അവസാനിക്കാത്ത യാത്ര | കഥ | 34 |
| 15 | അരുത് മനുഷ്യാ | ഉപന്യാസം | 36 |
| 16 | അഹങ്കാരത്തിന് മറുപടി | കാർട്ടൂൺ | 39 |
| 17 | ഇനിയൊരു മാറ്റം അത് മാനവരാശിയുടെ അവസാനം | ഉപന്യാസം | 40 |
| 18 | പ്രളയം | ചിത്രം | 42 |
| 19 | മഹത് വചനങ്ങൾ | | 43 |
| 20 | Flash Back 2019 | | 54 |

## മറക്കാനാകാത്തബാല്യം………

**ഞാനോർക്കുന്നു ആ ബാല്യം**

**നർമ്മ രസമുള്ള ബാല്യം**

**ഒരിക്കലും മറക്കാനവാത്ത ബാല്യം**

**ഈ വേളയിൽ ചെളിയിൽ കളിച്ച്**

**തിമിർത്ത് ഓർക്കുന്നു ഞാൻ**



**കളിവീട് കെട്ടി കളിച്ചതോർക്കുന്നു**

**ഞാനല്ല നീയാണ് കള്ളത്തരം ചെയ്-**

**തത് എന്നും പറഞ്ഞു വാദിച്ചതും**

**ഈ ബാല്യത്തി താൻ·····**

**ചെറു ചെറു നുണകൾ ചൊല്ലി**

**അമ്മതൻ കരങ്ങളിൽ നിന്നും**

**അടികൾ വാങ്ങിച്ചത് ഓർക്കുന്നു ഞാൻ ഈ വേളയിൽ**

**കൈയ്യെത്തും ദൂരത്തെ ബാല്യം പിടിക്കാനാവാത്ത ആ ബാല്യം···············**

## ഗ്രാമത്തിന്റെ നേർക്കാഴ്ച



## രണ്ടാമൂഴം

ആകാശത്തിലെ മേഘങ്ങൾ കൂട്ടം കൂടി നിന്നിരുന്നു.അവയിലേക്ക് ആശങ്കയോടെ നോക്കിക്കൊണ്ട് ഉണ്ണിയും മാളൂവും പൂവ് പറിക്കാൻ ആയി പുറത്തിറങ്ങി. സൂക്ഷിച്ച പോണേ എന്നാ അമ്മൂമ്മയുടെ താക്കീത് അവർ കാറ്റിലൂടെ പറത്തിവിട്ടു .കുട്ടയും വട്ടിയും എടുത്ത് അവർ യാത്രയായി പുൽമേടുകളും തോടുകളും കടന്ന് ഒരു പൂവും കാണാതെ കാടിനുള്ളിൽ എത്തി ആ സമയം അമ്മൂമ്മ കലം വാങ്ങാനായി അയൽ വീട്ടിൽ പോയിരിക്കുകയായിരുന്നു. അവിടുത്തെ ടിവിയിൽ ഒരു വാർത്ത മിന്നിമറഞ്ഞു കവളപ്പാറയിൽ ഉരുൾപൊട്ടൽ ഉണ്ടാകാൻ സാധ്യത ഇതു വായിച്ച് അമ്മൂമ്മ ഞെട്ടിത്തരിച്ച പോയി എന്നാൽ ഇതൊന്നുമറിയാതെ ഇരിക്കുന്ന ആയിരങ്ങൾ ഉണ്ടായിരുന്നു. അവരിൽ രണ്ടു പേരായി ഉണ്ണിയും മാളൂവും തിമിർത്തു പെയ്യുന്ന മഴയിൽ ഒരു ചേമ്പിലയുടെ അടിയിൽ അഭയം പ്രാപിച്ചിരിക്കുന്

യായിരുന്ന അവർ  മേലേ നിന്ന് സർപ്പത്തെപ്പോലെ
പുളഞ്ഞു കൊണ്ട് ഒഴുകിവന്ന വെള്ളപ്പാച്ചിൽ അവരെ
കോരിയെടുത്തു കൊണ്ടുപോയി . പാവം അമ്മൂമ്മയ്ക്ക്
രക്ഷാപ്രവർത്തകർക്ക് നൽകാൻ കഴിഞ്ഞത് ആ രണ്ടു
മൃതശരീരങ്ങൾ ആയിരുന്ന  മഹാബലിയെ
പാതാളത്തിലേക്ക് ചവിട്ടി താഴ്ത്തിയ വിഷ്ണു ഭഗവാനെ
പോലെ ആയിരങ്ങളെ പാതാളത്തിലേക്ക് ചവിട്ടി താഴ്ത്തി
ആ പ്രളയവും കടന്നുവന്നു അപ്പോഴും ആകാശത്ത്  കറുത്ത
മേഘപടലങ്ങൾ പടർന്നു നിന്നിരുന്നു  ഒരു രണ്ടാമൂഴത്തി
ൻറെ സൂചനയെന്ന് പോലെ.......

## മാറുന്ന കാലാവസ്ഥയും ആധുനിക മനുഷ്യനും



ജീവിതത്തിൽ പടവുകളും താണ്ടിയാണ് ഇന്നു പല ആളുകളും ലോകത്തിൽ അറിയപ്പെടുന്ന മനുഷ്യരായി മാറിയത്. എന്നാൽ മനുഷ്യമനസ്സുകളിൽ ചില കാരണങ്ങളാൽ ഇന്നും പലതരത്തിലുള്ള ഭയ വീഥികൾ നിലകൊള്ളുന്നു .

ലോകം തന്നെ നിയന്ത്രണത്തിൽ നിന്നും വഴി തെറ്റി സഞ്ചരിക്കുന്നു. അത് വളരെ കഠിനമായ അവസ്ഥകളിലേക്ക് മനുഷ്യരെ കൊണ്ടെത്തിക്കുകയും ചെയ്യുന്നു. ലോകത്തിൻറെ നിരവധി കാലാവസ്ഥകൾ എല്ലാം തന്നെ ഇന്ന് മനുഷ്യൻറെ ജീവിതത്തെ തന്നെ മാറ്റി മറിക്കുന്ന ഒന്നായി മാറുന്നു. എന്നാൽ മനുഷ്യൻ ഇന്ന് വളരെ സമർത്ഥമായി മാറിയിരിക്കുകയാണ്. മനുഷ്യൻറെ ചിന്തകൾ ഓരോന്നും തന്നെ ഇന്നത്തെ സമൂഹത്തെ അവരിൽ നിന്നും തന്നെ പറിച്ചു മാറ്റുന്നതിൽ നിന്നും ആഴത്തിലേക്ക് പോയിക്കൊണ്ടിരിക്കുന്നു.

മാറുന്ന കാലാവസ്ഥയുമായി ഇന്ന് കടന്നുപോകുന്നു. കുതിച്ചുയർന്ന റോക്കറ്റ് അത്രയും മനുഷ്യൻറെ ചിന്തകളും മാറുന്ന കാലാവസ്ഥയും. ഇന്നത്തെ മനുഷ്യൻ എന്നത് നിരവധി കണ്ടുപിടുത്തങ്ങളുടെ യും ഇലക്ട്രിക് കളുടെയും ലോകത്ത് നിലകൊള്ളുന്ന വരാണ്.

കാലാവസ്ഥയ്ക്ക് അനുസരിച്ച് നീങ്ങുന്ന മനുഷ്യനും ധാരാളം പടവുകൾ താണ്ടി വരുന്ന അവസ്ഥയാണ്. ഇതിനൊപ്പം ആയി മനുഷ്യൻ കാട്ടിക്കൂട്ടുന്ന ധാരാളം ക്രൂരതകളും ഒരുപാട് ചിന്തകൻ മാരുടെ സ്വാധീനം ചെലുത്തുന്ന ഈ ലോകം ഒരു യന്ത്രമനുഷ്യൻ എന്നതുപോലെ പ്രവർത്തിക്കുകയാണ്.

മാറുന്ന കാലാവസ്ഥയുടെ അടിസ്ഥാനത്തിൽ ഒരുപാട് ജീവിതങ്ങൾ ഇന്നും വഴി താര മാക്ക പെടുന്നു. കാരണം കർഷകരുടെ ജീവിതാനുഭവങ്ങൾ എന്നത് ഇന്നും ഒരു കണ്ണിയായി മാറുകയാണ്. വികസനം എന്നത് മനുഷ്യൻറെ കാലൻ ആയി മാറുന്നു. എന്തെന്നാൽ വികസനത്തിന് ഇത്തരത്തിലുള്ള ചലനം ഓരോന്നും വെട്ടി മുറിവേൽപ്പിക്കുന്നത്

മനുഷ്യൻറെ മനസ്സ് ഉൾപ്പെടെ ശരീരത്തെ കൂടിയാണ്. മനുഷ്യ പ്രവർത്തികൾ

എല്ലാത്തിനെയും മുൻപന്തിയിൽ  നിലനിൽക്കുന്ന ഒരു ക്രൂരമായ കണ്ണിയാണ്.

ധാരാളം ജീവൻ അറ്റുപോയ ജീവിതങ്ങൾ ഇന്നത്തെ മനുഷ്യർ തൻ   ഇമാ കളാൽ

കണ്ടുകൊള്ളട്ടെ.  വേദനിക്കുന്ന മനുഷ്യ  മനസ്സുകളിൽ ഇന്നും ഭീതിയുണർത്തുന്ന

അനുഭവങ്ങളാണ്  പ്രളയ ത്തോടനുബന്ധിച്ച് നിൽക്കുന്ന കാര്യങ്ങളും

ആവശ്യത്തിലധികം വും ക്രൂരതകൾ ചെയ്തുകൂട്ടുന്ന വരാണ് ഈ മനുഷ്യർ.

മനുഷ്യൻറെ വേണ്ടാത്ത  ദുശീലങ്ങൾ  ഇന്നും നമ്മുടെ ലോകം മാറി സഞ്ചരിക്കുന്നു.

 ഈ ഒരൊറ്റ  കാരണം ഇതിലൂടെ  നാം ഓരോരുത്തരും ഭൂമിയെ കൂടി

നശിപ്പിക്കുകയാണ്. ഭൂമിയുടെ നിരവധി ആവശ്യങ്ങൾ അതിനുമുണ്ട്.  എന്നാൽ

അതുപോലും നിറവേറ്റാൻ ഈ ആധുനിക മനുഷ്യൻ അനുവദിക്കുന്നില്ല.  നാം

കേട്ടിട്ടില്ലേ?? ഇനി വരുന്നൊരു തലമുറയ്ക്ക് ഇന്നിവിടെ വാസം  സാധ്യമോ?

 ഈ വരികളിൽ പോലും മനുഷ്യൻറെ നിയന്ത്രണമില്ലാത്ത ക്രൂരതകളെ ആണ്

വരച്ചിടുന്നത്.  മനുഷ്യൻ

തന്നെയാണോലോകത്തെയുംഭൂമിയുടേയുടെയുംശത്രുവായിമാറുന്നത്.

അനിയന്ത്രിതമായ നിരവധി കാഴ്ചപ്പാടുകൾ ഇന്നും നാം നേരിൽ ദർശിക്കുന്നു ഉണ്ട്.

## നീറുന്ന ഓർമയിലൂടെ .....

ഒരു വൈകുന്നേരം സമയം രാമു ഒറ്റയ്ക്ക് മുറിക്കുള്ളിൽ ഇരിക്കുകയായിരുന്നു. സൂര്യൻ മറഞ്ഞ് കാർമേഘങ്ങൾ കൊണ്ട് ആകാശം കറുത്തിരുണ്ട് ഒപ്പം രാമുവിനെ മനസ്സും. അവൻറെ മനസ്സിനെ കുളിരണിയിക്കാൻ ആയി ഒരു മഴയും കടന്നെത്തി. അവൻറെ അടുത്തായി ഒരു മാല അവൻറെ ശ്രദ്ധയിൽപ്പെട്ടു. അത് അവൻറെ മനസ്സിനെ വേദനിപ്പിക്കുന്ന ഓർമ്മകൾ ആയിരുന്നു.

രാമു പത്താംക്ലാസിൽ പഠിക്കുന്ന പ്രായം. അമ്മ സുനിത വളരെ ബുദ്ധിമുട്ടിയാണ് അവനെ വളർത്തുന്നത്. അച്ഛൻ ഈയിടെ മരണപ്പെട്ടു. അങ്ങനെ അമ്മയുടെ തിരക്കുപിടിച്ച ജോലികൾ കാരണം രാമുവിന് സ്നേഹം മതിയായി ലഭിക്കാതെ വന്നു. അവൻറെ സങ്കടങ്ങളും സന്തോഷങ്ങളും മനസ്സിലാക്കുന്ന ഒരു പെൺകുട്ടി. ആദ്യമാദ്യം രാമുവും മീനയും നല്ല സുഹൃത്തുക്കൾ മാത്രമായിരുന്നു പിന്നീടത് മറ്റൊരു ബന്ധത്തിലേക്ക് വഴുതി വീണു. അതെ പ്രണയത്തിൻറെ വക്കിലെത്തി അവരുടെ സുഹൃത്ത് ബന്ധം. ഒരു ശക്തിക്കും എതിർക്കാൻ

കഴിയാത്ത വിധം അവർ അടുത്തു കഴിഞ്ഞു. അങ്ങനെയിരിക്കെ ഒരു ദിവസം പ്രതീക്ഷിക്കാതെ ഒരു അതിഥി അവരുടെ മുന്നിലെത്തി. രാമുവിനെ അമ്മ മകനെ സ്കൂൾ മാറ്റാനായി തീരുമാനിച്ചെന്ന് പറയാനാണ് അമ്മ വന്നത്.

അതു രാമുവിന് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. പെട്ടെന്ന് ഒരു തീരുമാനം എടുക്കാനുള്ള തീരുമാനത്തെ പറ്റി രാമു കുറെ ആലോചിച്ചു. തൻറെ അമ്മയ്ക്ക് താൻ മാത്രമേ ഉള്ളൂ എന്ന ചിന്ത അവനിൽ ഉണ്ട്. എങ്കിലും താൻ സ്നേഹിക്കുന്ന പെണ്ണിനെ ഉപേക്ഷിക്കാൻ രാമുവിനു കഴിഞ്ഞില്ല. അവസാനം അവൻ അമ്മയുടെ മുന്നിൽ എത്തി താൻ ഒരു പെണ്ണിനെ സ്നേഹിക്കുന്നുവെന്നും അവളെ മറന്ന് എങ്ങോട്ടും വരാൻ കഴിയില്ലെന്നും അമ്മയുടെ മുഖത്തു നോക്കി അവൻ പറഞ്ഞു.അമ്മയുടെ ഹൃദയം ദുഃഖത്താൽ നിറഞ്ഞു. താൻ ഇത്രയും സ്നേഹിച്ച് വളർത്തിയ മകനിൽ നിന്ന് അമ്മ ഇത്തരത്തിലുള്ള മറുപടി പ്രതീക്ഷിച്ചതല്ല. അമ്മ അവനെ ഈ ചങ്ങലയിൽ നിന്നും രക്ഷിക്കാൻ ശ്രമിച്ചെങ്കിലും നടന്നില്ല. അവസാനം അമ്മ തോറ്റു പോവുകയാണ് ചെയ്തത്.

അങ്ങനെയിരിക്കെ ഒരു ദിവസം താൻ ഏറ്റവും കൂടുതൽ സ്നേഹിച്ച വിശ്വസിച്ച് മീന തന്നെ ചതിച്ചു. അത് അവൻ ഒരിക്കലും അംഗീകരിക്കാൻ കഴിയുന്നതല്ല

ആയിരുന്നു. തന്നെ വളർത്തി വലുതാക്കിയ സ്വന്തം അമ്മയെ നിന്ദിച്ച അവളെ സ്നേഹിച്ച അതിൽ രാമുവിന് ഇപ്പോൾ നല്ല കുറ്റബോധമുണ്ട്.

ഇതെല്ലാം അവൻറെ മനസ്സിൽ മായാതെ കിടന്നു. ഒരു ദിവസം അവൻ ഒറ്റയ്ക്കൊരു മരച്ചുവട്ടിൽ ഇരിക്കുമ്പോൾ അവനൊരു വാർത്ത അറിയുകയാണ് അമ്മ മരിച്ചത് എന്ന്. ഒരിക്കലും കേൾക്കാൻ ആഗ്രഹിക്കാത്ത വാർത്ത അവൻറെ ബോധത്തെ ഇല്ലാതാക്കി.

അബോധാവസ്ഥയിൽ അവൻ ചെയ്യാൻ പാടില്ലാത്ത ഒരു കാര്യം ചെയ്തു മീനുവിനെ കൊന്നു. ഇതിനെല്ലാം കാരണം ഇത്തരം ബന്ധങ്ങൾ ആണെന്ന് അവൻ തിരിച്ചറിഞ്ഞു. ആരുമില്ലാതെ ഒറ്റക്ക് എവിടെയോ എങ്ങനെയോ അറിയാതെ ജീവിക്കുന്നു. ഒപ്പം അവൻറെ നീറുന്ന ഓർമ്മകളും..........

# വഞ്ചി



# ബാല്യം

കളിച്ചു തിരിച്ചും കുസൃതികൾ കാണിച്ചും നടന്നൊരു ബാല്യം

മാതാപിതാക്കളെ സ്നേഹിച്ച ബാല്യം

മാതാപിതാക്കൾ സ്നേഹിച്ച ബാല്യം

കളിപാട്ടങ്ങൾ ഓടിച്ച് നടന്നൊരു ബാല്യം

ആർക്കും ഇഷ്ടപ്പെടുന്ന ഒരു ബാല്യം

ആർക്കും ഉള്ള ഒരു സ്നേഹിതൻ ബാല്യം

കാടും കടലിനെയും തോൽപ്പിക്കും ബാല്യം

വീട്ടിലും കാട്ടിലും കല്ലെറിഞ്ഞ് ബാല്യം

മുറ്റത്തെ കളിച്ച് ചിരിച്ച് ഒരു ബാല്യം

ആരുടെയും മനം മയക്കുന്ന ബാല്യം

കുട്ടി മനസ്സിൽ വിരിയുന്ന ബാല്യം

കളിയുടെയും ചിരിയുടെയും ചിഹ്നം ഒരു ബാല്യംകാട്ടാറ് ഒഴുകുന്ന പോലരു ബാല്യം

പിന്നെ മാനത്ത് പെയ്യുന്ന മഴയാണ് ബാല്യം

## ഇനി എന്തായി തീരും?

ഓരോ ദിവസവും മാറിക്കൊണ്ടിരിക്കുന്ന ലോകത്താണ് ഇന്നു നാം ജീവിച്ചു കൊണ്ടിരിക്കുന്നത്. ഒരു മനുഷ്യനും നിയന്ത്രിക്കാൻ കഴിയാത്ത പ്രതിഭാസങ്ങൾ ഇന്ന് ദിനംതോറും നടന്നുകൊണ്ടിരിക്കുന്നത്. പണ്ട് ലോകത്ത് നടന്ന ഓരോ കാര്യത്തെപ്പറ്റിയും മുൻകൂട്ടി പ്രവചിക്കുകയും അത് നടക്കുകയും ചെയ്യുമായിരുന്നു.

എന്നാൽ ഇന്ന് ഒരു ശക്തിക്കും നിയന്ത്രിക്കാൻ കഴിയാത്ത തരത്തിൽ കാലാവസ്ഥ മാറിക്കൊണ്ടിരിക്കുകയാണ് ദിനം തോറും അത് നാം കണ്ടുകൊണ്ടിരിക്കുന്നു. എന്തിനും എന്തിനും ഞാൻ പ്രകൃതിയോട് ചെയ്യുന്ന ക്രൂരതകൾക്ക് ഇപ്പോൾ അന്ത്യം കുറിച്ചിരിക്കുകയാണ്.

ഒരുകാലത്ത് മനുഷ്യനും പ്രകൃതിയും ഒരു ആത്മ ബന്ധം പുലർത്തിയിരുന്നു. പ്രകൃതിയോടിണങ്ങി ജീവിച്ചിരുന്നു. എന്നാൽ ഇന്ന് പ്രകൃതി ഏറ്റവും വലിയ ശത്രുവായി കാണുന്നു. അതിൻറെ പ്രതിഫലം ആണ് ഇന്ന് നാം അനുഭവിക്കുന്ന ദുരന്തങ്ങൾ. ഒരിക്കലും തിരിച്ചു വരാത്ത കാലാവസ്ഥകൾ ഇനി എല്ലാവരുടെയും ഓർമ്മയിലുമാത്രം

നിറഞ്ഞു നിൽക്കുന്നു. ഇനി വരുന്ന തലമുറയ്ക്ക് ഈ പ്രകൃതിയെ കാണാൻ കഴിയുമോ എന്ന അതിലാണ് ഇന്ന് ലോകം മുഴുവനും

മാറുന്നകാലാവസ്ഥ യോടൊപ്പം മനുഷ്യരും മാറിക്കൊണ്ടിരിക്കുകയാണ്. ഈ ആ സുദിനങ്ങൾ തിരിച്ചു കിട്ടില്ല. എന്നും എപ്പോഴും ഓർമ്മയിൽ മാത്രം നിറഞ്ഞുനിൽക്കുന്ന നമ്മുടെ പ്രകൃതി മരണത്തിൻറെ വക്കിൽ എത്തിയിരിക്കുന്നു.

മനുഷ്യൻ ആധുനിക ലോകം തേടി പോകുമ്പോൾ അവൻ അറിയുന്നില്ല അടുത്തദിവസം താൻ ജീവിച്ചിരിക്കുമോ എന്ന്. ഇന്ന് നാം കാണുന്ന മനുഷ്യൻ നാളെ കാണാൻ നാളെ കാണാൻ കഴിയുമെന്ന പ്രതീക്ഷ എല്ലാവരിലും നഷ്ടപ്പെട്ടിരിക്കുന്നു.

ഇതിൻറെ ഉദാഹരണമാണല്ലോ രണ്ടു വർഷങ്ങളായി നടന്നുകൊണ്ടിരുന്ന പ്രളയം കാലാവസ്ഥ ആർക്കും നിർണയിക്കാൻ കഴിയാത്ത അവസ്ഥയിലേക്ക് എത്തിയിരിക്കുന്നു. അംബികാസുതൻ മാങ്ങാട് കൃതിയാണ് രണ്ടു മത്സ്യങ്ങൾ. അതിലൂടെ പ്രശസ്ത കഥാകൃത്ത് നമ്മോട് പങ്കുവയ്ക്കുന്നതും മാറുന്ന കാലാവസ്ഥയാണ് പോയി. കാലാവസ്ഥയെ കുറിച്ചുള്ള എഴുത്തുകാരുടെ അഭിപ്രായത്തിന് ക്ഷാമമില്ല.

എന്നാൽ ഇന്ന് അതിലുപരിയായി മനുഷ്യനെ നശിപ്പിക്കുന്ന തരത്തിലാണ് പ്രകൃതി നമ്മോട് കാണിക്കുന്നത്.

ഇനി എന്തായി തീരും എന്ന ഭയത്തിലാണ് ഓരോരുത്തരുടെയും കുടുംബങ്ങൾ ജീവിച്ചുകൊണ്ടിരിക്കുന്നത്. വലിയ തീ പടർത്താൻ കുറച്ച് കനൽ മതി അതുപോലെയാണ് കാലാവസ്ഥയും.

നമുക്ക് കഴിഞ്ഞ രണ്ടു വർഷങ്ങളിൽ നടന്ന കറുത്ത മുഖംമൂടി ധരിച്ച് ആ പ്രണയം കടന്നുവന്നു ജനങ്ങളെ കാർന്നു തിന്നു. ചെറിയവൻ എന്നോ വലിയവൻ എന്നോ വ്യത്യാസമില്ലാതെ ലോകത്തെ ബാധിച്ച പ്രണയം ആയിരക്കണക്കിന് കണ്ണീരിൻ വില കണ്ടില്ല. ആരോടും യാതൊരു ദയയും കാണിച്ചതും ഇല്ല. ഓരോ മനുഷ്യനും നഷ്ടപ്പെട്ടതിൽ യാതൊരു കണക്കുമില്ല. നഷ്ടപ്പെട്ടവർക്ക് കുറെ സാധനങ്ങളും സേവനങ്ങളും നൽകിയെങ്കിലും നഷ്ടപ്പെട്ട ജീവനുകൾ പ്രതിഫലം നൽകാൻ കഴിഞ്ഞില്ല. ആയിരങ്ങളുടെ കണ്ണുനീരിൽ നനഞ്ഞ പ്രകൃതിയായി മാറിയിരിക്കുന്നു പ്രതീക്ഷിക്കാത്ത ഈ സമയങ്ങളിൽ കാലാവസ്ഥ രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. അതിനാൽ തന്നെ ഇന്ന് മനുഷ്യർ ഏറെ ശ്രദ്ധയോടെയാണ് ദിനംതോറും ജീവിച്ചുകൊണ്ടിരിക്കുന്നത്. ഇതിനെല്ലാം കാരണം ആധുനിക മനുഷ്യൻ തന്നെയാണ്

പുതിയ ത്തിൻറെ പുറകെ പോയി പോയി അവസാന വികസനത്തിന് അങ്ങേയറ്റം

വരെ എത്തി· അങ്ങനെ മനുഷ്യ തലമുറ നശിച്ചുകൊണ്ടിരിക്കുന്നു· ഇതിനെല്ലാം

കണ്ണിയായി നിൽക്കുന്നത് പുതിയ തലമുറ തന്നെയാണ്· അവർ പ്രകൃതിയോട്

ചെയ്യുന്ന കടന്നുകയറ്റത്തിന് പ്രതിഫലമാണ് പ്രകൃതി നമ്മോട് ചെയ്യുന്ന ഈ

കാലാവസ്ഥ മാറ്റം·

അതിൻറെ പ്രതിഫലം ഇരിക്കുന്നത് പഴ തലമുറയാണ്· ആർക്കാണ് ഈ

പ്രതിസന്ധികളെ ധീരതയോടെ എതിരേൽക്കാൻ കഴിയാത്തത്· ഇന്ന് മനുഷ്യർ

പ്രകൃതിയോട് ചേർന്ന് ഇരിക്കാതെ ഇൻറർനെറ്റിൽ മാത്രം ഒതുങ്ങി ജീവിക്കുകയാണ്·

കൃഷിക്ക് മറ്റ് ആവശ്യത്തിനും പ്രകൃതിയിൽ അടിച്ചു കയറ്റുന്ന വിഷവസ്തുക്കൾ സ്വീകരിച്ച്

സ്വീകരിച്ച അവസാനം പ്രകൃതി നശിച്ചു·

ഇനി ഒരിക്കലും ഈ സ്ഥിതിയിൽ നിന്ന് പ്രതികരിക്കാൻ കഴിയാത്ത വിധം

ചങ്ങലകൾ ക്കുള്ളിൽ അകപ്പെട്ടത് പോലെ കാലാവസ്ഥ മാറിയിരിക്കുന്നു· അതിനാൽ

തന്നെ ഇനി വരുന്ന വർഷത്തിലും ഇതിലും വലിയൊരു ദുരന്തത്തെ

പ്രതീക്ഷിച്ചിരിക്കുകയാണ് ഓരോരുത്തരും· കഴിഞ്ഞ ദുരന്ത ത്തിൻറെ സങ്കടത്തിൽ

നിന്ന് മാറുന്നതിന് മുൻപ് ആയിട്ട് അടുത്ത ദുരന്തങ്ങൾ കടന്നുവരുകയാണ്.
പ്രതീക്ഷിക്കാതെ വരുന്ന മഴയും, കാറ്റും, ഭൂകമ്പങ്ങളും മനുഷ്യനെ
ഇല്ലാതാക്കിയിരിക്കുന്നു. മഴയുടെ സ്ഥാനത്ത് വെയിലും, , വെയിലിനെ സ്ഥാനത്ത്
മഴയും ആണ് കാലാവസ്ഥ മാറിമറിയുകയാണ്. ഇനി വരുന്ന പുതിയ തലമുറയ്ക്ക്

വേണ്ടി ഒരു പുൽക്കൊടി എങ്കിലും ബാക്കി ഉണ്ടാവുക എന്നത് തീർച്ചയാണ്.
അതിൻറെ ഉദാഹരണങ്ങൾ കണ്ടതും അറിഞ്ഞതും, അനുഭവിച്ചതും ആണല്ലോ, ഇന്ന്
ലോകത്തിൻറെ ഭൂരിഭാഗം ജനങ്ങളും മണ്ണിനടിയിൽ പെട്ടിരിക്കുകയാണ്. മനുഷ്യൻ
ചെയ്യുന്ന സർ പ്രവർത്തികൾ കണ്ടു പ്രകൃതി വിധിച്ച വിധി.

## —ഒരിക്കലും മടങ്ങിവരാത്ത അനിയനു വേണ്ടി

എൻറെ ഇന്നലകളെ ഞാൻ പരസ്യപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല എന്നിരുന്നാൽ തന്നെയും ഞാനതിനെ പരസ്യപ്പെടുത്തുന്നു. ഞാൻ കൂലിപ്പണി എടുത്തു ജീവിക്കുന്ന ഒരു വ്യക്തിയാണ്. ഞാനും എൻറെ മക്കളും ഭാര്യയും അടങ്ങുന്ന ഒരു കൊച്ചു കുടുംബം. സന്തോഷത്തിലും സമാധാനത്തിലും ഞങ്ങൾ കഴിഞ്ഞു. ചക്കി ഇന്നു ഞാൻ ഓമനപ്പേരിട്ടു എന്ന് വിളിക്കണമെന്ന് എൻറെ മോളുടെ ഒരാഗ്രഹമായിരുന്നു. അവൾക്കൊരു കുഞ്ഞനുജൻ വേണം എന്നത്. മോളുടെ പ്രാർത്ഥന പോലെ തന്നെ അവൾക്കൊരുകുഞ്ഞനുജനെ ദൈവം സമ്മാനിച്ചു. മൂന്ന് പേർ അടങ്ങുന്ന ഞങ്ങളുടെ കുടുംബത്തിലെ ഒരാൾ കൂടി കടന്നുവന്നിരിക്കുന്നു. സന്തോഷ ത്തിൻറെ നിമിഷങ്ങളായിരുന്നു ഞങ്ങളുടെ ഭവനത്തിൽ. സന്തോഷത്തെ കെടുത്തുന്ന ഒരു ഇരുട്ട് ഞങ്ങളുടെ ഭവനത്തിലേക്ക് വന്നു. ഒന്നര വയസ്സ് മാത്രമുള്ള പ്രായമായ ചക്കിയുടെ ഹൃദയത്തിൽ ഒരു ദ്വാരം വന്നിരിക്കുന്നു. അമ്മയുടെ അച്ഛനും ചങ്ക് പൊട്ടി കരഞ്ഞു. ചക്കിയുടെ മുന്നിൽ അവർ സന്തോഷവാൻ മാർ ആണെങ്കിലും നീറുന്ന ആ വേദന അവരെ അലട്ടി. തൻറെ മകൾ ഇതെങ്ങനെ സഹിക്കും. തൻറെ അനുജനെ ഇല്ലാതാകുന്നു. എന്നറിയുന്ന

നിമിഷം അവൾ തകർന്നു പോവും· അതെങ്ങനെ സംഭവിച്ചു തൻ്റെ അനിയൻ ലോകത്തിൽ നിന്നും പിരിഞ്ഞു എന്ന് വാർത്ത ചക്കി അറിഞ്ഞു· അവർ ആഗ്രഹിച്ച അവർക്കുണ്ടായ ആ കുഞ്ഞനുജനും അവളിൽ നിന്ന് പോയി· അനിയൻ്റെ കുഞ്ഞുടുപ്പ് നോക്കി അവൾ വിതുമ്പി ഇനി ഒരിക്കലും മടങ്ങിവരാത്ത അനിയനു വേണ്ടി·········

# My Friends..

I love my friends
My friends in my world..
One ,two, three there are
Many friends.....
I love my friends

My friends there are all my friends
All my friends....
My friend in my heart
My lovely friend
My best friends in my world....
We are friends....



Oh...my friend in all
My friend in my heart
My friend in my world
My friend in my eyes...

Oh lovely friends...
Be cool in life....
No sad in life...
I am happy.....
My friends are happy...

LOVE YOU FRIENDS...

# വറുതിക്കൊരറുതി

ഒച്ചയനക്കമിലെവിടെയും
വറുതിയാകുന്നതിന്റെ ഹേതു
ഒരു മൂലയ്ക്കൊതുങ്ങിയെലാം
തൊലിപ്പുറത്തു തെളിയുന്ന
ഞരമ്പുകൾ അസ്ഥികൾ
മരത്തിലൊരൊറ്റ ഇലയില്
പച്ചപ്പിൻ അംശമോ എങ്ങുമില്ല
വറുതികൊണ്ടു പൊറുതി മുട്ടുന്ന-
ലോകം.......
ചിമ്മിണിമേലിത്തിരി പുകയില്ല.....
പല്ലിയും പട്ടിയും ഉദാസീനരായ്
അതുവഴിയെ വന്നൊരു മാരുതൻ
ഹേതുവിന് കഥ പറയുന്നിതാ........
നാളുകൾക്ക് മുമ്പ് ഒരു പഴയ -
സംസ്കാരമുണ്ടായിരുന്നിവിടെ,
പ്രെകൃതിയെ അമ്മയായി- കരുതിയൊരുസംസ്കാരം
ആ അമ്മതൻ മക്കളായ് ജീവിച്ച - സംസ്കാരം
ശേഷം വന്നൊരു പുതു തലമുറയോ..

**ഇഞ്ചിഞ്ചായി നുറുക്കിയാ- മാത്രത്വത്തെ...**

**തെളിനീരുറവയെ കാലന്ടെ -**

**നിറമാക്കി...**

**വെട്ടിമുറിച്ച വനങ്ങൾ**

**വയൽ നികത്തി,കുന്നിടിച്ച്,മണൽവാരി**

**ആ മക്കള്....**

**ശുദ്ധവായുവോ അശുദ്ധമാക്കി...**

**"ഇനിവരുന്നൊരു- തലമുറയ്ക്കിന്നിവിടെ വാസം സാധ്യമോ"??**

**ഈ കവികള് പാടിയ പാട്ടുകള്**

**സത്യമായ്ത്തീരുന്നിതാ....**

**ഇവിടം മരുഭൂമിയായ് തീർ-ന്നതിങ്ങനെ......**

**വറുതിക്കൊരറുതി ഇനിയെന്ന്?????**


# കണ്ണീരിന്റെ വേർപാട്

പെട്ടന്ന് ബ്രേക്ക് പിടിച്ചപ്പോൾ അയാൾ ഞെട്ടി ഉണർന്നു. അയാൾ കണ്ണീരോടെ ഓർത്തു.... ഭാര്യയും മക്കളും ഉണ്ടായിരുന്ന ആ നല്ല സുദിനങ്ങൾ...ഇന്ന് അവർ നഷ്ട്പെട്ടിരിക്കുന്നു. ഇനി ഞാൻ ആർക്കുവേണ്ടിയാണ് ജീവിക്കുന്നത് എന്നോർ ത്തപ്പോൾ അയാളുടെ വിഷമം ഒന്നുകൂടെ കൂടി. അപ്പോൾ അയാളുടെ അമ്മ അടുത്തു വന്ന് സമാധാനിപ്പിച്ചുകൊണ്ട് പറഞ്ഞു; നീ എന്തിനാ മോനെ ഇങ്ങനെ വിഷമിക്കുന്നത്.അവർ മരിച്ചത് നമ്മുടെ കുഴപ്പം കൊണ്ട് അല്ലല്ലോ... നമ്മുക്ക് അവരുടെ കൂടെ ജീവിക്കാൻ ഭാഗ്യമില്ല അത്ര തന്നെ. എന്നാൽ എന്നെയും കൂടി കൂടെ കൊണ്ടുപോകാത്തില്ലായിരുന്നോ അമ്മെ...

അയാൾ വീട്ടിൽ നിന്ന് ഓർത്തു·ഇനി ഞാനും ഭാര്യയും

മക്കളുംകഴിഞ്ഞിരുന്ന ദിവസങ്ങൾ തിരിച്ച് വരില്ലല്ലോ·········

## അവസ്ഥ



# അവസാനിക്കാത്ത യാത്ര

ഇരച്ചുകയറി വന്ന ലോറിയുടെ ശബ്ദം കേട്ട് ആ ബാലൻ ഞെട്ടിയുണർന്നു.എല്ലാവരും ലോറി വന്നുനിർത്തിയ സ്ഥലത്തേക്ക് പാഞ്ഞുകേറുകയാണ്."വിനു" ആ വിളികേട്ട് അവൻ പിറകോട്ട് തിരിഞ്ഞുനോക്കി."വാ മോനേ വന്ന് കിറ്റ് മേടിക്ക്" അവന് ആ ശബ്ദം നിശബ്ദത മാത്രമായാണ് അനുഭവപ്പെട്ടത്.അവൻ ഒന്നും മിണ്ടാതെ താടിക്ക് കൈയ്യും കുത്തി അവിടിരുന്നു.

അപ്പോൾ ആരോ വന്ന് അവന്റെ നെറുകയ്യിൽ ഒരു മുത്തം കൊടുത്തു.ഏതോ സ്വപ്ന വികാരത്താൽ അവന്റെ നാവിൽ നിന്ന് "അമ്മേ" എന്ന ശബ്ദം പുറത്തേക്ക് വന്നു.പക്ഷെ അവന്റെ അരികിൽ ആരുമില്ലായിരുന്നു.അവന്റെ കണ്ണിൽ നിന്ന് ആദ്യത്തെ കണ്ണുനീർ പുറത്തേക്ക് വന്നു.പിന്നീട് അത് ഒരു ജലധാരയായി മാറി.ചിരിക്കുന്ന അമ്മയുടെയും കൊമ്പൻ മീശയുള്ള അച്ഛന്റെയും മോണകാട്ടി ചിരിക്കുന്ന കുഞ്ഞുവാവയുടെയും മുഖങ്ങൾ അവന്റെ കണ്ണുകളിൽ മിന്നിമറഞ്ഞു.
അവരുടെ ചിത്രങ്ങൾ ജലധാരയിൽ അവൻ കണ്ടു.

അവൻ തിണ്ണയിൽ നിന്നിറങ്ങി നടന്നു.അടുത്ത് ഒരമ്മ കുഞ്ഞിനെ എടുത്ത് ഓമനിക്കുന്നതു കണ്ടു.അവൻ അവന്റെ

അമ്മയെ ഓർത്തു.മുകളിൽ നിന്നിടിഞ്ഞുവീണ മൺകുമ്പാരം തന്റെ അമ്മയെയും കുടുംബത്തെയും വിഴുങ്ങിയത് ആ ഇന്നലകൾ, ഓർക്കാൻ ആഗ്രഹമില്ലാത്ത ഇഷ്ടമല്ലാത്ത നശിച്ച ഇന്നലെയുടെ ഓർമ്മകളാണ് അവന്റെയുള്ളിൽ. അവസാനം അന്ന് രാവിലെ അമ്മയുടെ നെറ്റിയിൽ ഒരുമ്മ നൽകി കളിക്കാൻ പോയതാണവൻ.അന്ന് അമ്മ "വിനു നേരത്തെ ഇങ്ങുപോരണേ" "ഞാൻ വേഗം വരുമമ്മേ" എന്നു പറഞ്ഞ് പോയതാണവൻ.

കളികഴിഞ്ഞു വന്നപ്പോൾ വീടുമില്ല അമ്മയുമില്ല

ആരുമില്ല·കുന്നുകൂടികിടക്കുന്ന മണ്ണുമാത്രം·ആ ഓർമ്മകളിൽ അവന

നടന്നു· വഴിയറിയാതെ,നീണ്ടുകിടക്കുന്ന റോഡിലൂടെ അവസാനമില്ലാത്ത

യാത്ര······

## അരുത് മനുഷ്യാ..........

അത്യാധുനിക യുടെ മാദ്രിക പ്രഭയിൽ മയങ്ങി ഉറങ്ങുന്ന സമൂഹത്തിലാണ് നാമിന്ന് ജീവിക്കുന്നത്. നാഗരികതയുടെ, വികസനത്തിന് മഹാ സമുദ്രത്തിലേക്ക് മുങ്ങിത്താഴുമ്പോൾ നമുക്കുചുറ്റും നടക്കുന്ന മാറ്റങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടത് അനിവാര്യമാണ്.വികസനം ആകുന്ന മെട്രോ യിലൂടെ കുതിച്ചുപായുന്ന ആധുനിക മനുഷ്യൻ കൂടുതൽ, കൂടുതൽ ന്യൂജൻ ആയിത്തീരാനുള്ള തിരക്കിലാണ്. പണ്ടുകാലത്ത് ദാരിദ്ര്യം മൂലം മനുഷ്യൻ ചെയ്തിരുന്ന പലതും ഇന്ന് ഒരു ഫാഷൻ ആയി മാറിയിരിക്കുന്നു. കീറിയ ജീൻസും, അരയിൽ ഒരു കെട്ടും, കാലിൽ ചരടും, ഒക്കെയാണല്ലോ ഇന്നത്തെ ട്രെൻഡ്.

വയൽ നികത്തിയും, കുന്നിടിച്ചു, മണൽവാരി യും, എല്ലാം നാം ഫ്ളാറ്റുകൾ പടുത്തുയർത്തുമ്പോൾ അതിൻറെ എല്ലാം അനന്തരഫലങ്ങൾ വലിയ വിപത്താണ് നമുക്ക് സമ്മാനിക്കുന്നത്. മരം മുറിക്കുന്നതും വനം നശിപ്പിക്കുന്നതും മൂലം ആഗോളതാപനം വർദ്ധിക്കുകയും മഴയുടെ ലഭ്യത കുറയുകയും വേദന കാരണമായിത്തീരുകയും ചെയ്യുന്നു. വാഹനങ്ങളുടെ അമിതമായ വർധനവും , പ്ലാസ്റ്റിക് ഉപയോഗവും അന്തരീക്ഷ മലിനീകരണത്തിനും വഴിയൊരുക്കുന്നു. എല്ലാംകൊണ്ടും അമ്മയായ പ്രകൃതിയെ

വികസനത്തിന് പേരിൽ ആധുനിക മനുഷ്യൻ ഇഞ്ചിഞ്ചായി കൊല്ലുകയാണ്. മുമ്പ്

ഗാഡ്ഗിൽ ഇൻറെ വാക്കുകൾക്ക് വിലകൽപ്പിക്കാതെ ഇരുന്ന് നാം ഈ പ്രളയ ശേഷം

ആ വാക്കുകൾ ഉൾക്കൊള്ളേണ്ട വന്നില്ലേ......... പലയിടങ്ങളിലും ഉണ്ടായ

ഉരുൾപൊട്ടലിന് കാരണം ആ പ്രദേശത്തിന് നിശ്ചിത ചുറ്റളവിലുള്ള അമിത ഖനനം

ആണെന്ന് ഗാർഡിൽ പഠനങ്ങൾ തെളിയിക്കുന്നു. പ്രശസ്ത കഥാകൃത്ത് അംബികാസുതൻ

മാങ്ങാട് കൃതിയായ രണ്ടു മത്സ്യങ്ങളിലെ, കഥാപാത്രം ചിരഞ്ജീവിയായ തവളയെയും

വികസനത്തി എൻറെ ദൂഷ്യഫലങ്ങളെക്കുറിച്ച് ആണ് പങ്കുവയ്ക്കുന്നത്

'' മനുഷ്യന് അത്യാവശ്യം ആയതും മാത്രമേ പ്രകൃതിയിൽ ഉള്ളൂ....... അഹങ്കാരത്തിനുള്ള

ഇല്ല മഹാത്മജിയുടെ വാക്കുകൾക്ക് ഇന്ന് പ്രസക്തിയേറുന്നു. മനുഷ്യൻറെ ഇത്തരം

ക്രൂരകൃത്യങ്ങൾ മറ്റ് ജന്തുജാലങ്ങളുടെ ആവാസവ്യവസ്ഥയും ജൈവവൈവിധ്യ ശൃംഗ

ലേയും തകിടം മറിക്കുന്നു ഇത് മണ്ണിരകളുടെ കൂട്ട് നാശത്തിന് ഹേതുവാകുന്നു. ഇവ

മൂലമുണ്ടാകുന്ന അനന്തരഫലങ്ങൾ സസ്യജന്തുജാലങ്ങളുടെ നാശത്തിനു പാത ഒരുക്കുന്നു.

ശുദ്ധജലവും ശുദ്ധവായുവും ലഭിക്കാതെ മരണത്തിന് കീഴടക്കുന്ന തിനേക്കാൾ നല്ലത്

പ്രകൃതിയുമായി ചേർന്ന് പ്രവർത്തിക്കുന്നതാണ്.

വയൽ നികത്താതെ യും, പ്ലാസ്റ്റിക് ഉപേക്ഷിച്ചു, മടൽ വാ രാധയും, കുന്നിടിക്കുക തെയും,

മരങ്ങളെയും പരിസ്ഥിതിയേയും സംരക്ഷിച്ചും, ജൈവവളങ്ങൾ ഉപയോഗിച്ചും,

പ്രകൃതിയെ വീണ്ടെടുക്കാം ലളിതാംബികാ അന്തർജന ത്തിൻറെ വിശ്വരൂപം എന്നും

-കൃതിയിലെ ഗ്രാമീണതയുടെ പട്ടു വസ്ത്രത്തെ ഊരിയെറിഞ്ഞ് ഇട്ട് നഗരി തയുടെ മേലങ്കി ധരിച്ച് ഗുഡ് മിസിസ് സ്ഥലത്തിനെ പോലുള്ളവരാണ് ഇന്ന് ഭൂരിപക്ഷം പേരും . നാം പ്രകൃതിക്കെതിരെ തിരിയുമ്പോൾ പ്രകൃതിയും നമുക്ക് നേരെ തിരിയുന്നു. ഈ സാഹചര്യത്തിൽ ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ?'' എന്ന വരികൾക്ക് പ്രസക്തിയേറുന്നു.സോഷ്യൽ മീഡിയയ്ക്കും മറ്റും അടിമകൾ ആകാതെ പ്രകൃതിയോടുള്ള നാം സൗഹൃദം പുനസ്ഥാപിക്കണം. പ്രകൃതിയും മനുഷ്യനും രണ്ടല്ല ഒന്നാണ്'' എന്ന എസ്. കാപ്പൻ റെ വാക്കുകൾ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൻറെ ആഴം വരച്ചിടുന്നു. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം'' അമ്മയും ശിശുവും തമ്മിലുള്ള ബന്ധം പോലെയാണ്'' എന്ന മഹാത്മ ജനവും ഇതുതന്നെയാണ് വ്യക്തമാക്കുന്നത്.

മനുഷ്യൻറെ ദുഷ്ടത്യം ങ്ങൾ മൂലം കാലാവസ്ഥയും പ്രകൃതിയും നമുക്ക് എതിരായി തിരിയുന്ന ഇന്ന് പഴയ ഗ്രാമീണ സംസ്കാരം വീണ്ടെടുക്കേണ്ട ത ഏറെ അനിവാര്യമാണ്. പ്രകൃതിയുമായുള്ള ദൃഢബന്ധം പുനഃസ്ഥാപിച്ച കൊണ്ട് ഒരു പുതിയ സംസ്കാരം സൃഷ്ടിക്കായി നമുക്കൊരുമിക്കാം..........

## –കാർട്ടൂൺ



## ഇനിയൊരു മാറ്റം അത് മാനവരാശിയുടെ അവസാനം

ആധുനിക മനുഷ്യരുടെ സാരമായ ഇടപെടലുകൾ കാലാവസ്ഥ മാറ്റത്തിൻറെ കാരണങ്ങളിലൊന്നായി കാണാവുന്നതാണ്· ദിനംപ്രതി മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥയാണ് ഇന്നുള്ളത്· പ്രകൃതിക്കു മേലുള്ള തങ്ങളുടെ ഇടപെടലുകൾ തങ്ങൾക്ക് തന്നെ തിരിച്ചടിയായി മാറുമെന്ന നിഗൂഢമായ സത്യം ഇന്ന് തെളിഞ്ഞു· അതിൻറെ ഫലമാണ് ഇന്നത്തെ കാലാവസ്ഥ· പഴയ പ്രകൃതിയെ മോഡേൺ ആക്കുന്ന ഇന്നത്തെ മനുഷ്യരുടെ ചിന്താഗതിയാണ് ആദ്യം മാറേണ്ടത് മാറ്റേണ്ടത്·

കാലാവസ്ഥ മാറ്റവും ആധുനിക മനുഷ്യനും പ്രമേയമാകുന്ന ഒട്ടനവധി ഗ്രന്ഥങ്ങൾ ഇന്ന് നിലനിൽക്കുന്നുണ്ട്· പ്രശസ്ത കഥാകൃത്ത് അംബികാസുതൻ മാങ്ങാടിന്റെ " രണ്ടു മത്സ്യങ്ങൾ" എന്ന കൃതിയിൽ തവളയുടെ ചോദ്യം എഴുത്തുകാരൻ സമൂഹത്തോടുള്ള മുഴുവനും ആയുള്ള ചോദ്യമായി മാറുന്നുണ്ട്· വികസനം എന്ന് പറയുന്നത് മനുഷ്യൻ മാത്രം അവശേഷിക്കുന്ന ഒന്നാണോ? പുതുതലമുറയെ ആണ് ഈ ചോദ്യത്തിനുള്ള ഉത്തരം നൽകേണ്ടത ഒരു ചെറു ജീവിയെ പോലെ നോവിക്കാത്ത ബുദ്ധൻറെ നാടാണിത്· പക്ഷേ ഇന്നത്തെ ലോകം ഒരു ജീവിയെ പോലും ഈ ഭൂമിയിൽ നിലനിൽക്കാൻ അനുവദിക്കുന്നില്ല· പാറകൾ തിന്നുന്ന യന്ത്രങ്ങൾ നിരത്തിലിറക്കി കൊണ്ട് ഭൂമിയേ മനുഷ്യർ തിന്നുമ്പോൾ അവൻ ഓർക്കുന്നില്ല, നാളെ

എന്താവും എന്നുള്ളത്· കാലാവസ്ഥ നിരീക്ഷകർക്ക് പോലും മനസ്സിലാക്കാനാവാത്ത

വിധത്തിൽ ഇന്നത്തെ  കാലാവസ്ഥ മാറിക്കൊണ്ടിരിക്കുന്നു· കാലാവസ്ഥയുടെ

വ്യതിയാനം കൊച്ചുകുട്ടികളിൽ പോലും ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു·  മണ്ണിൽ

പണിയെടുത്തു കൊണ്ടിരിക്കുന്ന മനുഷ്യർ ഇൻറർനെറ്റ് ലേക്ക്  മാറിയപ്പോൾ പ്രകൃതിയിൽ

നടക്കുന്ന മാറ്റങ്ങൾ അവൻ അറിയാതെ പോയി· പിന്നീട് ആ മാറ്റങ്ങൾ അവനിൽ

വല്ലാത്തൊരു അടിയായി മാറി· ഒരു മനുഷ്യനെ മനുഷ്യനാക്കുന്നത് പ്രകൃതിയാണ്·

എന്നാൽ› ഒരു പ്രയാസത്തിൽ എത്തിക്കഴിഞ്ഞാൽ  അവൻ ആ പ്രകൃതിയെ തന്നെ

നശിപ്പിക്കുന്നു· താങ്ങാനാവാത്ത   ഭാരം ഭൂമിയിൽ   അടിച്ചേൽപ്പിച്ച് പിന്നീട്   അതിൻറെ

ഭവിഷത്ത് വലുതായി മാറുമ്പോൾ അവ മാറ്റാൻ  അധികാരികൾ ഉണ്ടാക്കുകയും  തുടർന്ന്

അവ പൊളിച്ചു മാറ്റാനായി തുനിയുമ്പോൾ ഉണ്ടാവുന്ന ഭവിഷ്യത്ത് ആദ്യത്തേതിലും

ഭീകരമായിരിക്കും ആ യാഥാർത്ഥ്യം മനസ്സിലാക്കാതെയാണ് അവ പൊളിച്ചുമാറ്റാൻ

ശ്രമിക്കുന്നത്·  പ്രകൃതിയുടെ ക്രൂര മനോഭാവം   പുലർത്തുന്നവരും ഒപ്പം പ്രകൃതിയെ

സ്നേഹിക്കുന്നവരും ഇക്കാലത്ത് ഉണ്ട്·'  ഹരിതമോഹനം' എന്നാ  സുസ്മേഷ്   ചന്ദ്രൻറെ


കഥ ഇതിൽ  ഇതിന് ഉദാഹരണമാണ്·  ആധുനിക മനുഷ്യൻറെ ഇടപെടലുകൾ

കാലാവസ്ഥ മാറ്റത്തിനു കാരണമാകുമ്പോൾ  അതിൻറെ   തിരിച്ചടികൾ ആയി

വരുന്നത്വർഷമായിഅടുപ്പിച്ച് വന്നാൽ പ്രളയം ഇനി  വരുന്നത്  അത് ഭൂമുഖത്തെ


ആകെപിടിച്ചുലക്കുന്ന ഒന്നായിരിക

# പ്രളയം





I need loyalty,
I expect loyalty."



"Not all of us
can do great things. But
we can do small things
with great love."
Mother Teresa


Teaching is a very noble profession that shapes the character, caliber, and future of an individual. If people remember me as a good teacher, that will be the biggest honour for me.
- A.P.J. Abdul Kalam



"We realize the importance of our voices only when we are silenced."
— Malala Yousafzai


"Success is not final,
failure is not fatal:
it is the courage to continue that counts."
Winston S. Churchill
WWW.MOTIVATEAMAZEBEGREAT.COM



"Don't limit a child to your
own learning, for he was
born in another time"


"Comfort is no test of truth. Truth is often far from being comfortable."
BEING INDIAN


GOOD ARTISTS COPY,
GREAT ARTISTS STEAL.


There are and always
will be thousands
of princes, but there is
only one Beethoven!
Ludwig van Beethoven


21)
Pilots take no special joy in walking.
~ Neil Armstrong


"I can understand wanting
to have a million dollars...
but once you get beyond
that, I have to tell you,
it's the same hamburger"
—Bill Gates

# FLASH BACK<<<2019

## ജനവരി



**1** ബ്രസീലിൻറെ **38** -മത്തെ പ്രസിഡൻറ് ആയി ജൈർ മെസിയ ബോൽ സോനാരൊ സ്ഥാനമേറ്റു·




**3** ചന്ദ്രൻറെ ഭൂമി ക്കെതിരെയുള്ള വശത്ത് ഇറങ്ങുന്ന ആദ്യ മനുഷ്യനിർമ്മിത വസ്തു എന്ന ബഹുമതി ചൈനീസ് ബഹിരാകാശ പേടകം ചാങ് **4(chang'e4)** നേടി·

## ഫെബ്രുവരി



**3** പോപ് ഫ്രാൻസിസ് യുഎഇ സന്ദർശിച്ചു· അറബ് ലോകത്ത് എത്തുന്ന ആദ്യ മാർപാപ്പ·

**21** സ്വകാര്യ സാമ്പത്തിക പിന്തുണയോടെ യുള്ള ലോകത്തിലെ ആദ്യത്തെ ചന്ദ്ര ദൗത്യമായ ബെരെസിറ്റ് ഇസ്രായേൽ ബഹിരാകാശ ഏജൻസിയായ സ്പെയ്സ് ഐ എൽ വിക്ഷേപിച്ചു·



**26-27** പാക് അധീന കാശ്മീരിൽ ഉള്ള ബാലാകോട്ടിലെ ഭീകര ക്യാമ്പുകൾക്ക് എന്തിനാണ് നേരെ ഇന്ത്യൻ സേനയുടെ വ്യോമാക്രമണം·

27-28 അമേരിക്ക- വടക്കൻ കൊറിയ ഉച്ചകോടി വിയറ്റ്നാം തലസ്ഥാനമായ ഹാനോയിയിൽ

## മാർച്ച്



3 ലോക പ്രസിദ്ധ സംരംഭകൻ എലോൺ മസ്കിന്റെ നേതൃത്വത്തിലുള്ള സ്വകാര്യ ബഹിരാകാശ കമ്പനിയായ സ്പേസ് എക്സ്സിന്റെ ഡ്രാഗൺ സ്പെയ്സ് ക്രാഫ്റ്റ് അന്താരാഷ്ട്ര ബഹിരാകാശ നിലയവും ആയി കൂടിച്ചേരുന്ന തിൽ വിജയിച്ചു.



19 അമേരിക്കക്കാരിയായ കാരൻ ഊലൻ ബേക് ഗണിത ശാസ്ത്രത്തിനുള്ള പ്രസിദ്ധമായ ആബേൽ പ്രൈസിന് അർഹയായി. ഈ നേട്ടം കൈവരിക്കുന്ന ആദ്യ വനിത.

## ഏപ്രിൽ



10 ലോകമെമ്പാടുമുള്ള ടെലസ്കോപ്പ് കളെ കോർത്തിണക്കി പ്രവർത്തിക്കുന്ന ഇവൻറ് ഹൊറൈസൺ ടെലസ്കോപ്പ് പ്രൊജക്ട് ലോകത്താദ്യമായി ബ്ലാക് ഹോൾൻറെ ചിത്രം പകർത്തി. M87 എന്ന അത് കഴിഞ്ഞിട്ടില്ല ഗാലക്സിയിൽ ആണിത്.

11 ഇന്ത്യയിൽ പൊതുതെരഞ്ഞെടുപ്പിന് തുടക്കമായി.




18 നേപ്പാളിന്റെ ആദ്യ കൃത്രിമോപഗ്രഹം നേപ്പാളി സാറ്റ്-1 വിക്ഷേപിച്ചു

26 ലോക സിനിമാ ചരിത്രത്തിലെ എക്കാലത്തേയും ഏറ്റവും വലിയ പണം വാരി\ പടം ആയി മാറിയ അവഞ്ചേഴ്സ് എൻഡ് ഗെയിം തിയേറ്ററുകളിലെത്തി.



28 അമേരിക്കൻ സമുദ്രാന്തര പര്യവേക്ഷകൻ വിക്ടർ വെസ്കോവോ ഇന്നുവരെ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള അതിൽ വച്ച് ഏറ്റവും ആഴമേറിയ ഡൈവ് നടത്തി റെക്കോഡിട്ടു . 10,928 മീറ്റർ ആഴമുള്ള പസഫിക്കിലെ ഗർത്തത്തിലെ സമുദ്രാന്തർ ഭാഗത്താണ് ഡൈവ് നടത്തിയത്.



## മെയ്



3 ആഫ്രിക്കൻ രാജ്യമായ കോംഗോയിലെ കിവു എന്ന സ്ഥലത്ത് എബോള എന്ന മഹാമാരി പിടിപെട്ട് ആയിരത്തിലധികം മരണം. ചരിത്രത്തിലെ ഏറ്റവും വലിയ എബോള പകർച്ചവ്യാധികളിൽ ഒന്നായിരുന്നു ഇത്.



23 2019 ഏപ്രിൽ നടന്ന പൊതു തിരഞ്ഞെടുപ്പിൽ വിജയിച്ച നരേന്ദ്ര മോഡിയുടെ നേതൃത്വത്തിലുള്ള ബിജെപി രാജ് മുന്നണി അധികാരത്തിൽ.

24 ബ്രിട്ടീഷ് പ്രധാനമന്ത്രിയും കൺസർവേറ്റീവ് പാർട്ടി നേതാവുമായ തെരേസ മേ പ്രധാനമന്ത്രി പാദത്തിൽ നിന്ന് രാജി സമർപ്പിച്ചു.

## ജൂൺ

9 ഹോങ്കോങ് നിവാസികളെ വിചാരണയ്ക്ക് ചൈനയിലേക്ക് വിട്ടുകൊടുക്കാൻ അവസ്ഥ ചെയ്യുന്ന നിർദ്ദിഷ്ട കുറ്റവാളി കൈമാറ്റ ബില്ലിനെതിരെ വൻ പ്രക്ഷോഭം. 1997 ൽ വെറുതെ ഹോങ്കോങ്ങിന് വീടുകളിൽ അവകാശം ബ്രിട്ടീഷ് നിന്ന് ചൈനയിലേക്ക് ലഭിച്ചതിനുശേഷം അവിടെയുണ്ടായ ഏറ്റവും വലിയ ജനകീയ പ്രക്ഷോഭം ആണിത്.



20 ചൈനീസ് പ്രസിഡൻറ് വടക്കൻ കൊറിയ സന്ദർശിച്ചു.

## _-ജൂലൈ




2 തെക്കേ അമേരിക്കയിൽ സമ്പൂർണ്ണ സൂര്യഗ്രഹണം ദൃശ്യമായി.

14 ഇംഗ്ലണ്ടും വെയിൽസും സംയുക്ത ആതി ഥേയത്വം വഹിച്ച ലോകകപ്പ് ക്രിക്കറ്റ് ചാമ്പ്യൻ വീഡിയോ ഷിപ്പിൽ ഇംഗ്ലണ്ട് വിജയികളായി. ഫൈനലിൽ ന്യൂസിലാൻഡിനെ തോൽപ്പിച്ചു.



22 ഇന്ത്യയുടെ ചന്ദ്ര ദൗത്യം ചന്ദ്രയാൻ-2 വിജയകരമായി വിക്ഷേപിച്ചു. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പെയ്സ് സെൻററിൽ നിന്നായിരുന്നു ജി എസ് എൽ വി മാർക്ക്-3 ഉപയോഗിച്ചുള്ള വിക്ഷേപണം.



24 ബോറിസ് ജോൺസൺ യുണൈറ്റഡ്   കിംഗ്  ഡ ത്തിൻറെ

പ്രധാനമന്ത്രിപദത്തിൽ.

30 ഇന്ത്യയിൽ മുത്തലാഖ് നിരോധനം നിലവിൽ വന്നു.

## ആഗസ്റ്റ്



5 ഇന്ത്യൻ ഭരണഘടനയുടെ370-ാം വകുപ്പ് പ്രകാരം ജമ്മു കാശ്മീരിന്

നൽകിയിരിക്കുന്ന പ്രത്യേക പദവി റദ്ദാക്കിക്കൊണ്ട് ഇന്ത്യ ഗവൺമെൻറ്

ഉത്തരവ് പുറപ്പെടുവിച്ചു.



11 ഇന്ത്യയിലെ 13 സംസ്ഥാനങ്ങളെ ബാധിച്ച മഹാപ്രളയം. കേരളത്തിൻറെ

ചരിത്രത്തിലെ ഏറ്റവും വലിയ ദുരന്തങ്ങളിൽ ഒന്നായി ഇത് മാറി.




21  ആമസോൺ മഴക്കാടുകളിൽ വൻ  പടർന്നത് അന്താരാഷ്ട്ര തലത്തിൽ

ചർച്ചയായി.

22 മുൻ    കേന്ദ്ര ധന കാര്യമന്ത്രി പി. ചിദംബരത്തെ അഴിമതി കേസിൽ

സിബിഐ അറസ്റ്റ് ചെയ്തു. ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോഡിയുടെ യുഎസ് പ്രസിഡൻറ്



ഡൊണാൾഡ് ട്രംപും സംയുക്തമായി അമേരിക്കൻ ഇന്ത്യക്കാരെ അഭിസംബോധന ചെയ്യുന്ന ഹൗ ടി മോഡി പരിപാടി ഹൂസ്റ്റണിൽ അരങ്ങേറി.

## സെപ്റ്റംബർ



6 ചാന്ദ്രയാൻ-2 ന്റെ ലൂണാർ മോഡ്യൂൾ കൃത്യമായി ഭ്രമണപഥത്തിൽ എത്തിയെങ്കിലും ലാൻഡർ വിക്രം ചന്ദ്രോപരിതലത്തിൽ ഇടിച്ചിറങ്ങിയത് മൂലം ദൗത്യം ഉദ്ദേശിച്ച ലക്ഷ്യത്തിലെത്തിയില്ല.



11 സൗരയൂഥത്തിന് പുറത്ത് k2-18b എന്ന് പേരിട്ടിരിക്കുന്ന ഒരു ഗ്രഹത്തിൽ ജലസാന്നിധ്യം കണ്ടെത്തിയതായി ഗവേഷകർ

## ഒക്ടോബർ



1 പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈന സ്ഥാപിതമായ അതിൻറെ എഴുപതാം വാർഷികം ആഘോഷിച്ചു



18 അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിന് പുറത്ത് ആദ്യമായി വനിതകൾ മാത്രമായുള്ള ബഹിരാകാശ നടത്താം അരങ്ങേറി. നാസ ബഹിരാകാശ നടത്തം അരങ്ങേറി. നാസ ബഹിരാകാശ യാത്രികരായ ജസീക്കാ മീർ, ക്രിസ്റ്റീന കോച്ച് എന്നിവരാണ് ഇതിൽ പങ്കെടുത്തത്.

24 ഇപ്പോൾ പാക്കിസ്ഥാന്റെ കൈവശമുള്ള സിംഖ് വംശജരുടെ പുണ്യ കേന്ദ്രമായ ദർബാർ സാഹിബ് സിഖ് കുടീരം വിസ ഇല്ലാതെ സന്ദർശിക്കാൻ അനുവദിക്കുന്ന കർത്താർപൂർ ഇടനാഴി തുറന്ന കൊടുക്കാൻ ഇന്ത്യ പാകിസ്ഥാൻ സംയുക്ത തീരുമാനം



27 ഐഎസ് തലവൻ അബൂബക്കർ ആൽ ബാഗ്ദാദി കൊല്ലപ്പെട്ടതായി അമേരിക്കൻ പ്രസിഡൻറ് ഡൊണാൾഡ് ട്രംപിന്റെ വെളിപ്പെടുത്തൽ



31 ജമ്മു കാശ്മീർ ലഡാക് എന്നീ രണ്ട് വ്യത്യസ്ത കേന്ദ്രഭരണ പ്രദേശങ്ങൾ നിലവിൽ വന്നു





## -നവംബർ

9 ശതാബ്ദങ്ങൾ നീണ്ട വ്യാപാരങ്ങൾക്ക് തീർപ്പു കൽപ്പിച്ചുകൊണ്ട് രാമ ജന്മഭൂമി- ബാബറി മസ്ജിദ് കേസിൽ സുപ്രീംകോടതിയുടെ വിധി.



11 ബുധ സംതരണം എന്നാ ആകാശ പ്രതിഭാസം ദൃശ്യമായി. സൂര്യനും ഭൂമിക്കും ഇടയിലൂടെ ബുധൻ കടന്നുപോകുന്ന ബുധസംതരണങ്ങൾ ഒരു നൂറ്റാണ്ടിൽ പതിമൂന്നോ പതിനാലോ തവണ നടക്കാറുണ്ട്.



13 യു എസ് പ്രസിഡൻറ് ഡൊണാൾഡ് ട്രംപിനെതിരെ ഉള്ള ഇംപീച്ച് മെൻറ് നടപടികൾ യുഎസ് പ്രതിനിധി സഭയിൽ ആരംഭിച്ചു.



30 30-ാം സൗത്ത് ഈസ്റ്റ് ഏഷ്യൻ ഗെയിംസിന് ഫിലിപ്പൈൻസിൽ തുടക്കമായി.

## ഡിസംബർ



9 ഉത്തേജക മരുന്നുപയോഗം ആരോപിച്ച് റഷ്യയെ, ലോക ഉത്തേജക വിരുദ്ധ ഏജൻസി അന്താരാഷ്ട്ര മത്സരങ്ങളിൽനിന്ന് നാലു വർഷത്തേക്ക് വിലക്കി. റഷ്യൻ അത്‌ലറ്റുകൾ ക്ക് 2022 ഒളിമ്പിക്സ്, ലോകകപ്പ് എന്നിവയിൽ പങ്കെടുക്കാൻ ആവില്ല.



10 സന്നാ മരിൻ ഫിൻലാൻഡ് ന്റെ പുതിയ പ്രധാനമന്ത്രിയായി. വഴി പ്രധാനമന്ത്രി പദവിയിലെത്തുന്ന ലോകത്തെ ഏറ്റവും മഴ കുറഞ്ഞ വ്യക്തിയുമായി.




11 വിവാദമായ പൗരത്വ ഭേദഗതി നിയമം ഇന്ത്യൻ പാർലമെൻറ്പാസാക്കി.

26 തെക്കൻ ഏഷ്യൻ രാജ്യങ്ങളിൽ വലയ സൂര്യഗ്രഹണം ദൃശ്യമായി.